**ഭരണഭാഷ - മാതൃഭാഷ**

WEBSITE: www.keralapsc.gov.in
E-MAIL: jsestt.psc@kerala.gov.in

Telephone :0471-2546250/224

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**നമ്പർ : EST I(A)1/50017/2018/KPSC**

**തിരുവനന്തപുരം**
**തീയതി : 14.11.2023**

## ക്വട്ടേഷൻ നോട്ടീസ്

**ക്വട്ടേഷൻ നമ്പർ: EST / 11 / 2023**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസ് വളപ്പിൽ കൺട്രോളർ ഓഫ് എക്സാമിനേഷന്റെ ഓഫീസിന് പുറകിൽ നിൽക്കുന്ന ഒരു പ്ലാവ് ശിഖരങ്ങളുൾപ്പെടെ മുറിച്ച് വിൽക്കുന്നതിന് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു.

**നിബന്ധനകൾ** :-

1) ടി മരവും ശിഖരങ്ങളും വാങ്ങാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് പട്ടം, കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ആഫീസ് വളപ്പിൽ വന്ന് ആയത് പരിശോധിക്കാവുന്നതാണ്.

2) ടി മരവും ശിഖരങ്ങളും വാങ്ങുവാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ **'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന വിലാസത്തിൽ 26/12/2023 – 01.00 pm നകം ഈ ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.**

3) ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായ 3,000/- രൂപ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റായി ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്.

4) ഡിമാന്റ് ഡ്രാഫ്റ്റ് ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

5) ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനു മുകളിൽ **"മരവും ശിഖരവും വാങ്ങാനുള്ള ക്വട്ടേഷൻ"** എന്ന് പ്രത്യേകം എഴുതിയിരിക്കണം.

6) നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

7) **26/12/2023** – 03.00 pm മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. മറ്റുള്ളവർക്ക് നിരതദ്രവ്യമായ 3,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് മടക്കി

നൽകുന്നതാണ്.

8) അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി നിരതദ്രവ്യം കഴിച്ച് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള ബാക്കി തുക ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതും 7 **ദിവസത്തിനുള്ളിൽ** തന്നെ ടി മരവും ശിഖരങ്ങളും ആഫീസ് വളപ്പിൽ നിന്നും മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്.

9) കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലി നോക്കുന്നവർ ക്വട്ടേഷൻ നടപടികളിൽ പങ്കാളികളാവാൻ പാടില്ല.

10) ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

11) ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിബന്ധനകൾ പാലിക്കാത്തപക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല.

12) **സ്ഥിരപ്പെടുത്തിയ ക്വട്ടേഷൻ തുകയോട്ടു കൂടി 5% വനവികസന നികുതിയും, വനവികസന നികുതിയുടെയും വിൽപന വിലയുടെയും 18% GST-യും ഒടുക്കേണ്ടതാണ്. (ക്വട്ടേഷൻ തുക + 5% വന വികസന നികുതി) x 18% GST = അടയ്ക്കേണ്ട തുക**

13) ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ **26/12/2023** ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാന തീയതിയായി കണക്കാക്കുന്നതായിരിക്കും.

14) കൂടുതൽ വിവരങ്ങൾക്ക് 0471-2546250, 0471-2546224, 0471-2546219, 0471-2553623 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**ഒപ്പ് /-**

**സെക്രട്ടറി**

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

പകർപ്പ് :-

1) പി.ആർ. യൂണിറ്റ്
2) എൻക്വയറി
3) നോട്ടീസ് ബോർഡ്
4) സാർജന്റ്
5) വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ

*L/17/09/20*